# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1324 30.01.2018 -ൽ മറുപടിക്ക്

## ഹയർസെക്കണ്ടറി സ്കൂളുകളിലെ അധ്യാപക തസ്തിക

| ചോദ്യം<br>ശ്രീ. അനിൽ അക്കര | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2014-15 ൽ ഹയർ സെക്കണ്ടറിയായി ഉയർത്തിയ തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ തുടർന്നുള്ള അധ്യയന വർഷങ്ങളിൽ 40 ഉം 50 ഉം കുട്ടികൾ വീതം പ്രവേശനം നേടിയിട്ടും അധ്യാപക തസ്തിക അനുവദിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അധ്യാപക തസ്തിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഇത്തരം പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. 2014-2015 ൽ 40 ഉം 2015-16 ൽ 50 ഉം കുട്ടികൾ ഉള്ള എല്ലാ സ്കൂളുകൾക്കും തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 31/7/2014 ലെ സ.ഉ.(കൈ) നം. 143/2016/പൊ.വി.പ്രകാരം പുതുതായി ആരംഭിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലും അധിക ബാച്ചുകളിലും 2014-15 അദ്ധ്യയന വർഷത്തിൽ 40 കുട്ടികളും 2015-2016 അദ്ധ്യയന വർഷം മുതൽ 50 കുട്ടികളും ഏറ്റവും കുറഞ്ഞത് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടി വ്യവസ്ഥയിൽ ഉൾപ്പെടാത്ത സ്കൂളുകൾക്ക് തസ്തിക അനുവദിച്ചിട്ടില്ല. |
| (സി) സ്ഥിരം അധ്യാപക തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ കുട്ടികളുടെ എണ്ണം 2014-15 അധ്യയന വർഷത്തിലോ അതിന് ശേഷമോ ഇല്ലാതിരുന്നിട്ടും 19 സ്കൂളുകളിൽ 142 അധ്യാപക തസ്തിക അനുവദിച്ചതിന്റെ (സ.ഉ (കൈ) നം. 106/2017/പൊ.വി.വ തീയതി 21.08.2017) കാരണം വ്യക്തമാക്കുമോ? | (സി) | സ്ഥിരം അധ്യാപക തസ്തിക അനുവദിക്കുന്നതിന് 2014-15 അദ്ധ്യയന വർഷം 40 കുട്ടികൾ വീതവും 2015-2016 അദ്ധ്യയനവർഷം 50 കുട്ടികൾ വീതവും ഉള്ള സ്കൂളുകൾ മാത്രമാണ് പരിഗണിച്ചിട്ടുള്ളത് അല്ലാതെ കുറവുള്ള സ്കൂളുകളിൽ തസ്തിക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ